


# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 14

# നമുക്കുവേണ്ടി മരിച്ച ഈശോ



# നമുക്കുവേണ്ടി മരിച്ച ഈശോ

ഈശോ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. വളരെപ്പേർ ഈശോയിൽ വിശ്വസിച്ചു.

ശത്രുക്കൾ ഈശോയെ പിടിച്ച്
അധികാരികളുടെ മുൻപിൽ കൊണ്ടുവന്നു.

ഈശോയുടെ പേരിൽ ഇല്ലാത്ത
കുറ്റങ്ങൾ ശത്രുക്കൾ ചുമത്തി. അവിടുത്തെ കുരിശിൽ തറച്ചു
കൊല്ലണമെന്ന് അവർ ആവശ്യപ്പെട്ടു.

പീലാത്തോസ് എന്ന
ഭരണാധികാരിയാണ് ഈശോയെ
കുരിശിൽ തറച്ചു കൊല്ലുവാൻ
വിധിച്ചത്.

മരണത്തിനു വിധിച്ചതിനുശേഷം
ഈശോയെ പടയാളികൾ
അതിക്രൂരമായി പീഡിപ്പിച്ചു.

# ഈശോയെ പടയാളികൾ അതിക്രൂരമായി പീഡിപ്പിച്ചു.



വലിയ ഭാരമുള്ള ഒരു മരക്കുരിശ് അവർ ഈശോയുടെ തോളിൽ വച്ചുകൊടുത്ത് ഗാഗുൽത്താ മലയിലേയ്ക്കു കൊണ്ടുപോയി കുരിശിൽ തറച്ചു. ഈശോ എല്ലാ വേദനകളും നിശബ്ദനായി സഹിച്ചു.

ഈശോ തന്നെ പീഡിപ്പിച്ചവർക്കുവേണ്ടി ഇങ്ങനെ പ്രാർത്ഥിച്ചു.

“പിതാവേ, ഇവരോട് ക്ഷമിക്കണമേ”.
പിന്നീട് ഈശോ കുരിശിൽ കിടന്നു
മരിച്ചു. അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു.

ഈശോ മരിച്ച ദിവസത്തിന്റെ ഓർമ്മയാണ് നാം പീഡാനുഭവ വെള്ളിയാഴ്ച (ദുഃഖ വെള്ളിയാഴ്ച) ആചരിക്കുന്നത്.

നമ്മുടെ രക്ഷക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്.
നമുക്ക് ഈശോയെ സ്നേഹിക്കാം. തെറ്റുകൾ ചെയ്ത്
ഈശോയെ വേദനിപ്പിക്കാതെ ജീവിക്കാം.



# നമുക്കു പാടാം

കുരിശിനാലെ ലോകമൊന്നായ്  വീണ്ടെടുത്തവനേ
താണു ഞങ്ങൾ വണങ്ങുന്നു ദിവ്യപാദങ്ങൾ

# നമുക്ക് അനുകരിക്കാം

**തന്നെ കുരിശിലേറ്റിയവരോട് ക്ഷമിച്ച ഈശോയെപ്പോലെ നമ്മെ വേദനിപ്പിക്കുന്നവരോട് നമുക്കും ക്ഷമിക്കാം.**

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* പീലാത്തോസ് ഈശോയെ കുരിശിൽ തറച്ചുകൊല്ലുവാൻ വിധിച്ചു.

* ഗാഗുൽത്താമലയിൽ ഈശോയെ അവർ കുരിശിൽ തറച്ചു.
കുരിശിൽ കിടന്നുകൊണ്ടു പീഡിപ്പിച്ചവർക്കു വേണ്ടി ഈശോ പ്രാർത്ഥിച്ചു.

* നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* നമുക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയെ സ്നേഹിക്കണം.

* നമ്മെ വേദനിപ്പിക്കുന്നവരോടു നാം ക്ഷമിക്കണം.

* മറ്റുള്ളവരുടെ മേൽ ഇല്ലാത്ത കുറ്റങ്ങൾ ആരോപിക്കാതിരിക്കണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* തെറ്റുകൾ ചെയ്ത് ഈശോയെ വേദനിപ്പിക്കരുത്.

* ആരെയും മനഃപൂർവ്വം ദ്രോഹിക്കരുത്.

* നമ്മെ വേദനിപ്പിക്കുവർക്കു വേണ്ടി പ്രാർത്ഥിക്കുക.

* മറ്റുള്ളവർക്കുവേണ്ടി നമ്മുടെ ഇഷ്ടങ്ങൾ മാറ്റിവയ്ക്കുക.




THANK
YOU